**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഏലം കർഷകരെ സഹായിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വരൾച്ച ദുരിതബാധിതരായ കർഷകരെ സഹായിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | വരൾച്ച കെടുതി മൂലമുള്ള നാശനഷ്ടം നേരിട്ട് വിലയിരുത്തുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവ്വകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിച്ചു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വരൾച്ചാ ബാധിത കൃഷിയിടങ്ങൾ 2024 മെയ് 6, 7, 8 തീയതികളിൽ വിദഗ്ധ സംഘങ്ങൾ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. കൂടാതെ വരൾച്ച കെടുതി രൂക്ഷമായിട്ടുള്ള ഇടുക്കി ജില്ലയിലെ പ്രദേശങ്ങൾ 16.05.2024ന് കൃഷി വകുപ്പ് മന്ത്രിയും ജലസേചന വകുപ്പ് മന്ത്രിയും നേരിട്ട് സന്ദർശിച്ച് നഷ്ടം വിലയിരുത്തുകയും ചെയ്തു.<br><br>നഷ്ടം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) ചെറുകിട നാമമാത്ര കർഷകർക്കും, ഇതര കർഷകർക്കും 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യവും, സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇു സംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.<br><br>കൂടാതെ പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർക്ക് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിലും സ്വീകരിച്ചിട്ടുണ്ട്.<br><br>2) നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>3) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>4) വരൾച്ച മൂലം കൃഷി നാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും, ജലസേചന അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും, സംയോജിത വള പ്രയോഗവും കീട നിയന്ത്രണവും നടപ്പിലാക്കുന്നതിനും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ഒരു സമഗ്ര പ്രൊപോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ വരൾച്ച മൂലം ഉണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ പിന്തുണ ഉറപ്പാക്കുവാനും കാർഷിക ഉല്പാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതുമാണ്. |
| (ബി) | വരൾച്ച ദുരിതബാധിതരായ ഇടുക്കി ജില്ലയിലെ ഏലം കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് 1500/- രൂപയും, മൂന്നു വർഷത്തേയ്ക്ക് 3750/- രൂപയും ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷിനാശത്തിന് ഹെക്ടർ ഒന്നിന് 60,000/- രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്.<br><br>ചെറുകിട നാമമാത്ര കർഷകർക്കും, ഇതര കർഷകർക്കും 2 ഹെക്ടർ വരെയുള്ള കൃഷി |

നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യം 22500/- രൂപയും സംസ്ഥാന വിഹിതമായി 2500/- രൂപയും നൽകുന്നുണ്ട്.

ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.

കൂടാതെ പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർക്ക് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിലും സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് ജനുവരി മുതൽ മെയ് വരെ കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിന് 20,000/- രൂപ വരെ ആനുകൂല്യം ലഭിക്കുന്നതാണ്.

വരൾച്ചയും ഉഷ്ണതരംഗവും മൂലം കൃഷിനാശം സംഭവിച്ച കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ മിറ്റിഗേഷൻ ഫണ്ടിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

പുന:കൃഷിക്കായി നടീൽ വസ്തുക്കളുടെ വിതരണം, ജലസേചന അടിസ്ഥാന സൗകര്യ വികസനം, സംയോജിത വള പ്രയോഗവും കീട നിയന്ത്രണവും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കി വരുന്നു.

ഇതിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ (മഴക്കുഴി തടയണ കിണർ റീചാർജിങ് കോണ്ടൂർ ബണ്ട് മുതലായവ), വരൾച്ച പ്രതിരോധ മാർഗ്ഗങ്ങൾ, സൂക്ഷ്മ ജലസേചന പ്രവർത്തനങ്ങൾ, ഭൂവികസന പ്രവർത്തനങ്ങൾ മുതലായവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ ജനകീയാസൂത്രണ പദ്ധതി മാർഗ്ഗരേഖയിൽ ഏലം ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) | കാർഡമം രജിസ്ട്രേഷൻ നടത്തുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കാർഡമം രജിസ്ട്രേഷനുള്ള സമയ പരിധി റവന്യൂ വകുപ്പിന്റെ ശുപാർശ പ്രകാരം സമയാ സമയങ്ങളിൽ ദീർഘിപ്പിച്ചു നൽകുന്നുണ്ട്. സ്വന്തമായി ഭൂമിയുള്ള ഏതൊരു ഏലം കർഷകനും ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാം. സ്പൈസസ് ബോർഡിന്റെ അഭ്യർത്ഥന പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി 3 തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | വരൾച്ച ദുരിതബാധിതരായ ഇടുക്കി ജില്ലയിലെ ഏലം കർഷകരെ സഹായിക്കാൻ കേന്ദ്ര സർക്കാരിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി) | അനുവദിച്ചിട്ടില്ല. |
| (ഇ) | വരുംകാലങ്ങളിൽ വരൾച്ച മൂലം കൃഷിനാശം ഉണ്ടാകാതിരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | വരൾച്ചയും ഉഷ്ണതരംഗവും മൂലം കൃഷിനാശം സംഭവിച്ച കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ മിറ്റിഗേഷൻ ഫണ്ടിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>പുന:കൃഷിക്കായി നടീൽ വസ്തുക്കളുടെ വിതരണം, ജലസേചന അടിസ്ഥാന സൗകര്യ വികസനം, സംയോജിത വള പ്രയോഗവും കീട നിയന്ത്രണവും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കി വരുന്നു.<br><br>ഇതിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ (മഴക്കുഴി തടയണ കിണർ റീചാർജിങ് കോണ്ടൂർ ബണ്ട് മുതലായവ), വരൾച്ച പ്രതിരോധ മാർഗ്ഗങ്ങൾ, സൂക്ഷ്മ ജലസേചന പ്രവർത്തനങ്ങൾ, ഭൂവികസന പ്രവർത്തനങ്ങൾ മുതലായവയും ഉൾപ്പെട്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ